09
2024
ആഗസ്റ്റ്
വെള്ളി
കർക്കിടകം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.237 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-237 പേജ് 4. വില 2.00 രൂപ




02 അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: മെഡിക്കൽ ബോർഡ് രൂപീകരിച്ച് വിദഗ്ധ ചികിത്സ
03 വഖഫ് ബില്ലിനെച്ചൊല്ലി ലോക്സഭയിൽ ബഹളം
04 മലബാർ കാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി

# വയനാട് ദുരന്തം: സമഗ്ര പുനരധിവാസ പാക്കേജ് ആവശ്യം

തിരുവനന്തപുരം: വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും ആവശ്യമായ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ശനിയാഴ്ച പ്രധാനമന്ത്രി വയനാട് സന്ദർശിക്കുന്നുണ്ട്. സമഗ്രമായ പുനരധിവാസ പാക്കേജാണ് സംസ്ഥാനം ആവശ്യപ്പെടുന്നതെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

ദുരന്തമേഖലയിൽ വ്യാഴാഴ്ചയും തിരച്ചിൽ തുടരുകയാണ്. വയനാട് ദുരന്തം ദേശീയദുരന്തമായും അതിതീവ്രദുരന്തമായും പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. ദുരന്ത തീവ്രത പരിശോധിച്ചു ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഒമ്പതംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. സമഗ്രമായ പുനരധിവാസ പാക്കേജാണ് സംസ്ഥാനം ആവശ്യപ്പെടുന്നത്. കേന്ദ്രസർക്കാരിൽ നിന്നും അനുകൂലമായ പ്രതികരണമാണ് പൊതുവെയുള്ളത്.

ദുരന്ത ബാധിതരുടെ കുടുംബങ്ങളെ സഹായിക്കാനും പുനരധിവാസത്തിനും ടൗൺഷിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾക്കും ദുരന്തത്തിൻറെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷ. ഇക്കാര്യത്തിൽ ഇവിടെ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി അനുകൂലമായ നിലപാട് സ്വീകരിക്കുമെന്നാണ് പ്രതീക്ഷ. ഇതുസംബന്ധിച്ച് പ്രധാനമന്ത്രിക്ക് വിശദമായ കത്തും എഴുതിയിരുന്നു. ഈ വലിയ ദൗത്യത്തിന് കേന്ദ്രം നൽകുന്ന പിന്തുണയ്ക്ക് നന്ദിയും രേഖപ്പെടുത്തിയിരുന്നു.

ദുരന്തത്തിൽ ഇതുവരെ 225 പേരുടെ മരണം ഔദ്യോ?ഗികമായി സ്ഥിരീകരിച്ചിട്ടുണ്ട്. മേപ്പാടിയിൽ നിന്നും 148ഉം നിലമ്പൂരിൽ നിന്നും 77 മൃതദേഹങ്ങളും ലഭിച്ചു. ഇതിനുപുറമെ, വിവിധ പ്രദേശങ്ങളിൽ നിന്നായി 195 ശരീരഭാ?ഗങ്ങളും കണ്ടെത്തിയിട്ടുണ്ട്. കണ്ടെടുക്കുന്ന ശരീരഭാഗങ്ങൾ 90 ശതമാനമോ അതിനു മുകളിലോ ഉണ്ടെങ്കിൽ മൃതദേഹമായി കണക്കാക്കുന്നതാണ് രീതി. മൃതദേഹങ്ങളുടേയും ശരീരഭാദങ്ങളുടേയും ഡി.എൻ.എ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

ഉരുൾപൊട്ടൽ സംഭവിച്ച മേഖലയിൽ മേപ്പാടി 14 ക്യാമ്പുകൾ പ്രവർത്തിക്കുന്നു. 641 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസം ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിന് കീഴിലെ 27 ക്വാട്ടേഴ്സുകൾ ഉൾപ്പെടെ 91 സർക്കാർ ക്വാർട്ടേഴ്സുകൾ ലഭ്യമാക്കും. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ വെള്ളിയാഴ്ച ജനകീയ തിരച്ചിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടികളിലും കഴിയുന്നവരെക്കൂടി ഇതിന്റെ ഭാഗമാക്കും. ദുരന്തത്തിന് ഇരകളായവരിൽ തിരച്ചിലിൽ പങ്കെടുക്കാൻ താൽപര്യമുള്ളവരെ വാഹനങ്ങളിൽ വീടുകൾ നിലനിന്നിരുന്ന സ്ഥലങ്ങളിലെത്തിക്കും. സുരക്ഷാ ഉദ്യോഗസ്ഥരുടെയും മറ്റ് തിരച്ചിൽ സംഘങ്ങളുടെയും കൂടെയായിരിക്കും ഇവരെ ദുരന്തമുണ്ടായ സ്ഥലങ്ങളിലേക്ക് അയക്കുക. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളെ ആറു മേഖലകളിലായി തിരിച്ചാണ് തിരച്ചിൽ നടത്തുക. വയനാട് ഉരുൾപൊട്ടൽ മേഖലകളിലെ സ്തുത്യർഹമായ രക്ഷാദൗത്യത്തിനു ശേഷം ഇന്ത്യൻ കരസേനാ, നാവിക സേനകളിൽ ഒരു വിഭാഗം മടങ്ങി. മേജർ ജനറൽ വി.ടി മാത്യുവിൻറെ നേതൃത്വത്തിലെത്തിയ 391 അംഗ സൈനിക സംഘമാണ് ദുരന്തമുഖത്തു നിന്ന് മടങ്ങിയത്. മറ്റ് സേനാവിഭാഗങ്ങൾക്കൊപ്പം കാര്യക്ഷമമായ രീതിയിലുള്ള രക്ഷാദൗത്യത്തിനു ശേഷമാണ് ഇവരുടെ മടക്കം.

ദുരിതാശ്വാസത്തിൻറെ ഭാഗമായി വയനാട്ടിലെ കളക്ഷൻ സെൻററിൽ എത്തിയ ഏഴു ടൺ തുണി ഉപയോഗിച്ചു പഴകിയതായിരുന്നു. അതു മുഴുവനും സംസ്കരിക്കാനായി അയക്കേണ്ടി വന്നത് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിച്ചു. ഉപകരിക്കാൻ ചെയ്തതാകാമെങ്കിലും ഈ പ്രവൃത്തി ഫലത്തിൽ ഉപദ്രവകരമാവുകയാണുണ്ടായത്. നിലവിൽ ദുരന്തത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങളാണ് ഇനിവേണ്ടത്. ഇത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകുകയോ കളക്ടറേറ്റുകളിൽ ചെക്ക്, ഡ്രാഫ്റ്റ് മുഖേനയോ നൽകാൻ കൂടുതൽ ആളുകൾ സന്നദ്ധരാകണമെന്ന് അഭ്യർഥിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## സ്പെയിനെ 2-1ന് വീഴ്ത്തി ഇന്ത്യയ്ക്ക് വീണ്ടും വെങ്കലം, പാരിസിൽ 4-ാം മെഡൽ

പാരീസ്: ടോക്യോയ്ക്കു പിന്നാലെ പാരീസിലും ഇന്ത്യൻ ഹോക്കി ടീമിന് വെങ്കലത്തിളക്കം. വ്യാഴാഴ്ച നടന്ന വെങ്കല മെഡൽ പോരാട്ടത്തിൽ സ്പെയിനിനെ ഒന്നിനെതിരേ രണ്ടു ഗോളുകൾക്ക് കീഴടക്കിയാണ് തുടർച്ചയായ രണ്ടാം ഒളിമ്പിക്സിലും ഇന്ത്യൻ ടീം മെഡലണിഞ്ഞിരിക്കുന്നത്. ക്യാപ്റ്റൻ ഹർമൻപ്രീത് സിങ്ങിന്റെ ഇരട്ട ഗോളുകളാണ് ഇന്ത്യയുടെ വിജയത്തിൽ നിർണായകമായത്. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ നാലാം മെഡലാണിത്. ഒളിമ്പിക് ഹോക്കി ചരിത്രത്തിലെ മൂന്നാം വെങ്കലവും.

ഒളിമ്പിക്സിനു മുമ്പ് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ഗോൾകീപ്പർ പി.ആർ ശ്രീജേഷിന് ഇതോടെ ഒളിമ്പിക് മെഡൽ നേട്ടത്തോടെ മടക്കം. രണ്ടുപതിറ്റാണ്ടിനടുത്ത് ടീമിന്റെ ഗോൾവല വിശ്വസ്തതയോടെ കാത്ത ശ്രീജേഷ് എന്ന ഇതിഹാസത്തിന്റെ വിടവാങ്ങൽമത്സരത്തിന് വെങ്കലനിറം പകരാൻ ഇന്ത്യൻ ടീമിനായി. ഇന്ത്യൻ ജേഴ്സിയിൽ താരത്തിന്റെ 335ാം മത്സരംകൂടിയായിരുന്നു ഇത്.

കളിയുടെ തുടക്കത്തിൽ ആധിപത്യം പുലർത്തിയ ഇന്ത്യയ്ക്കെതിരേ 18ാം മിനിറ്റിൽ ലഭിച്ച പെനാൽറ്റി സ്ട്രോക്ക് ലക്ഷ്യത്തിലെത്തിച്ച് മാർക് മിറാലസ് സ്പെയിനിനെ മുന്നിലെത്തിച്ചിരുന്നു.

## ബംഗ്ലദേശിൽ ഇടക്കാല സർക്കാർ അധികാരമേറ്റു

ധാക്ക : നൊബേൽ സമ്മാനജേതാവായ മുഹമ്മദ് യൂനുസിന്റെ (84) നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ബംഗ്ലദേശിൽ അധികാരമേറ്റു. പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ സത്യവാചകം ചൊല്ലികൊടുത്തു. ഇടക്കാല സർക്കാരിൽ രാഷ്ട്രീയക്കാരുടെ പ്രതിനിധികളില്ലെന്നത് ശ്രദ്ധേയമാണ്. സാമൂഹിക, മനുഷ്യാവകാശ പ്രവർത്തകരും വിദ്യാർഥി, സൈനിക പ്രതിനിധികളുമാണുള്ളത്. വിദ്യാർഥി പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ വിവേചനവിരുദ്ധ വിദ്യാർഥി പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവ് നഹിദ് ഇസ്ലാമും ആസിഫ് മുഹമ്മദും ഇടക്കാല സർക്കാരിൽ ഇടം



നേടിയിട്ടുണ്ട്. 16 അംഗങ്ങളാണ് ഉപദേശക സമിതിയിലുള്ളത്. യൂനുസിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ബംഗ്ലദേശ് വളരെപ്പെട്ടെന്ന് സാധാരണനിലയിലെത്തുമെന്നും ഹിന്ദുക്കളുടെയും ന്യൂനപക്ഷങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുമെന്നും പ്രതീക്ഷിക്കുന്നതായി മോദി എക്സിൽ പറഞ്ഞു. സർക്കാരിനെതിരെയുള്ള പ്രക്ഷോഭത്തെ തുടർന്ന് ഷെയ്ഖ് ഹസീന രാജിവച്ചതിനെ തുടർന്നാണ് ഇടക്കാല സർക്കാർ അധികാരമേറ്റത്.

മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാർ രൂപീകരിക്കണമെന്നായിരുന്നു പ്രക്ഷോഭകരുടെ ആവശ്യം. 17 വർഷത്തിനു ശേഷമാണ് ബംഗ്ലദേശിൽ ഇടക്കാല സർക്കാർ അധികാരമേൽക്കുന്നത്. തൊഴിൽനിയമം ലംഘിച്ചെന്ന കേസിൽ മുഹമ്മദ് യൂനുസിനെതിരായ ശിക്ഷാവിധി ബംഗ്ലദേശ് കോടതി കഴിഞ്ഞ ദിവസം റദ്ദാക്കിയിരുന്നു. 6 മാസം തടവിനു കഴിഞ്ഞ ജനുവരിയിലാണു യൂനുസിനെ ശിക്ഷിച്ചത്. ഇടക്കാല സർക്കാരിന്റെ തലപ്പത്തേക്ക് വിദ്യാർഥി സംഘടനകൾ മുന്നോട്ടു വച്ചത് സാമ്പത്തികവിദഗ്ധനായ മുഹമ്മദ് യൂനുസിന്റെ പേര് മാത്രമാണ്.

## കൊല്ലത്തെ അപകടമരണം ക്വട്ടേഷൻ കൊലപാതകം; ധനകാര്യസ്ഥാപനത്തിലെ മാനേജരും കൂട്ടാളികളും പിടിയിൽ

കൊല്ലം: സൈക്കിൾ യാത്രക്കാരനായ റിട്ട. ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥൻ കാറിടിച്ച് മരിച്ച സംഭവം ക്വട്ടേഷൻ കൊലപാതകമാണെന്ന് പോലീസ്. സംഭവത്തിൽ ക്വട്ടേഷൻ നൽകിയ കൊല്ലത്തെ സ്വകാര്യ ധനകാര്യസ്ഥാപനത്തിലെ വനിതാ മാനേജരെയും കൂട്ടാളികളെയും പോലീസ് പിടികൂടി. സ്വകാര്യ ധനകാര്യസ്ഥാപനത്തിലെ മാനേജരും തേവള്ളിയിൽ താമസക്കാരിയുമായ സരിത (45), സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് മരുതടി വാസുപ്പിള്ള ജങ്ഷനിലെ അനൂപ്(37), പോളയത്തോട് സ്വദേശി അനിമോൻ(44), കടപ്പാക്കട സ്വദേശി മാഹീൻ(47), പോളയത്തോട് ഹാഷിഫ് അലി(27) എന്നിവരാണ് അറസ്റ്റിലായത്. കൊല്ലം ആശ്രാമം മൈതാനത്ത് മെയ് 26ന് നടന്ന വാഹനാപകടമാണ് ആസൂത്രിതമായ കൊലപാതകമാണെന്ന് തെളിഞ്ഞത്.

ബി.എസ്.എൻ.എൽ. റിട്ട. എൻജിനീയറായ പാപ്പച്ചൻ സൈക്കിളിൽ വരുമ്പോഴാണ് വാഗൺ ആർ കാർ ഇദ്ദേഹത്തെ ഇടിച്ചുതെറിപ്പിച്ചത്. മെയ് 26ന് വൈകീട്ട് ആശ്രാമം മൈതാനത്തിന് സമീപമായിരുന്നു സംഭവം. അപകടത്തിൽ പാപ്പച്ചൻ മരിച്ചു. തുടർന്ന് പാപ്പച്ചന്റെ സംസ്കാരം പന്തളത്ത് നടത്തുകയും ചെയ്തു. സാധാരണ അപകടമെന്ന നിലയിൽ പോലീസ് കേസ് അന്വേഷണം അവസാനിപ്പിക്കാനൊരുങ്ങുമ്പോഴാണ് അപകടത്തെ സംബന്ധിച്ച് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവരുന്നത്. കാറിടിക്കുന്ന ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചതിൽനിന്ന് സംഭവം കൊലപാതകമാണെന്ന് ബോധ്യപ്പെടുകയായിരുന്നു.

ധനകാര്യസ്ഥാപനത്തിൽ സ്ഥിരനിക്ഷേപവും കോടികളുടെ ആസ്തിയുമുണ്ടായിരുന്ന പാപ്പച്ചൻ കുടുംബപ്രശ്നം കാരണം കൊല്ലത്ത് ഒറ്റയ്ക്ക് താമസിച്ചുവരികയായിരുന്നു. തന്റെ 90 ലക്ഷത്തിന്റെ നിക്ഷേപത്തിൽനിന്ന് 40 ലക്ഷം രൂപ പിൻവലിച്ചത് പാപ്പച്ചൻ ചോദ്യം ചെയ്തിരുന്നു. ഇതോടെയാണ് സരിതയും കൂട്ടാളികളും പാപ്പച്ചനെ കൊലപ്പെടുത്താൻ പദ്ധതിയിട്ടത്.

പണം തട്ടിയത് പാപ്പച്ചൻ ചോദ്യംചെയ്തപ്പോൾ പ്രശ്നം പരിഹരിക്കാം, കണക്കുകൾ നോക്കട്ടെ, പിന്നീടൊരു ദിവസം വന്നാൽ മതിയെന്ന് പറഞ്ഞ് സരിത ഇദ്ദേഹത്തെ തിരിച്ചയച്ചു. പിന്നാലെ സരിത മറ്റുപ്രതികളുമായി ചേർന്ന് കൊലപാതകം ആസൂത്രണം ചെയ്തു. ക്വട്ടേഷൻ സംഘാംഗമായ അനിയാണ് കാറിടിപ്പിച്ച് പാപ്പച്ചനെ കൊലപ്പെടുത്തിയത്.



# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: മെഡിക്കൽ ബോർഡ് രൂപീകരിച്ച് വിദഗ്ധ ചികിത്സ

*** കൂടുതൽ രോഗികളെ കണ്ടെത്തിയത് ആദ്യ രോഗിയ്ക്ക് രോഗം എങ്ങനെ ഉണ്ടായതെന്ന അന്വേഷണത്തിൽ**
*** മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി**

തിരുവനന്തപുരത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) ബാധിച്ച് ചികിത്സയിലുള്ളവർക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് തുടർചികിത്സ ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. പ്രത്യേക എസ്.ഒ.പി. തയ്യാറാക്കിയാണ് ചികിത്സ നൽകുന്നത്. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളങ്ങളിലെ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. മൂക്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, തലയിൽ ക്ഷതമേറ്റവർ, തലയിൽ ശസ്ത്രക്രിയ്ക്ക് വിധേയമായവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. കുളത്തിലെ വെള്ളമോ നീരാവിയോ നേരിട്ട് മൂക്കിലേക്ക് വലിച്ചെടുക്കുന്ന ആളുകൾക്കും ഈ രോഗം വരാനുള്ള സാധ്യത കൂടുതലാണ്.

മരണമടഞ്ഞയാളെ കൂടാതെ തിരുവനന്തപുരത്ത് നിലവിൽ 6 പേർക്കാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചത്. ആദ്യ രോഗിയ്ക്ക് എങ്ങനെ രോഗമുണ്ടായി എന്ന ആരോഗ്യ വകുപ്പിന്റെ അന്വേഷണത്തിലാണ് രോഗം വരാൻ സാധ്യതയുള്ള മറ്റുള്ളവരെ കണ്ടെത്തിയത്. ഇവർക്ക് രോഗ ലക്ഷണങ്ങളായ തലവേദന, കഴുത്തിന് പിന്നിലുണ്ടായ വേദനയും ഉണ്ടായപ്പോൾ തന്നെ നട്ടെല്ലിലെ സ്രവ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി രോഗം സ്ഥിരീകരിച്ച് ചികിത്സ ഉറപ്പാക്കാൻ സാധിച്ചു. 2 പേർക്ക് രോഗം സംശയിക്കപ്പെടുന്നുമുണ്ട്. ഇവരുടെ സാമ്പിളുകൾ പരിശോധനയ്ക്കെടുത്തിട്ടുണ്ട്. ഇവരിൽ ഒരാളൊഴികെ ബാക്കിയെല്ലാവരും പായൽ പിടിച്ചു കിടന്ന കുളത്തിലെ വെള്ളവുമായി പല രീതിയിൽ സമ്പർക്കമുണ്ടായ ആൾക്കാരാണ്. ഈ ഒരാളുടെ രോഗത്തിന്റെ ഉറവിടം കണ്ടെത്താനുള്ള ശ്രമം നടക്കുന്നുണ്ട്. വീട്ടിലെ കിണർ വൃത്തിയാക്കിയ ശേഷം ചെളിയിൽ നിന്നുള്ള അമീബ കലർന്ന വെള്ളത്തിൽ നിന്നാകാം രോഗം ഉണ്ടായതെന്നാണ് വിദഗ്ധരുടെ നിഗമനം. ഇത് വിശദമായി പരിശോധിക്കാൻ മന്ത്രി നിർദേശം നൽകി. പ്രദേശത്തെ കുളത്തിലെ വെള്ളവുമായി ഏതെങ്കിലും രീതിൽ സമ്പർക്കം ഉണ്ടായിട്ടുള്ളവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി അക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്.

വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 24ന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പങ്കെടുത്ത് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. 33 പേർ കുളത്തിലെ ജലവുമായി സമ്പർക്കത്തിൽ വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. മലിനജലം ഉപയോഗിച്ച് പൊടിയോ പുകയിലയോ ശ്വസിച്ചവർ ആരെങ്കിലുമുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. പ്രദേശത്ത് ഫീവർ സർവേ നടത്തുകയും ചെയ്തു. നിരീക്ഷണം ശക്തമാക്കുകയും രോഗലക്ഷണങ്ങൾ കണ്ടവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്തു. കുളത്തിലെ വെള്ളത്തിന്റെ സാമ്പിളുകൾ തുടർച്ചയായി പരിശോധിക്കാൻ നിർദേശം നൽകി.

പ്രോട്ടോകോൾ പ്രകാരം 5 മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സ നടത്തുന്നത്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാണ്. കൂടുതൽ മരുന്നുകൾ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർക്ക് നിർദേശം നൽകി.

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലസ്രോതസുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഇതൊരു പകർച്ചവ്യാധിയല്ല. വേനൽക്കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നതോടെയാണ് അമീബ വർധിയ്ക്കുകയും കൂടുതലായി കാണുകയും ചെയ്യുന്നത്. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചേറിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും കുളിക്കാൻ പാടില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലെയും സ്വിമ്മിംഗ് പൂളുകളിലെയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ ഒരു തരത്തിലും വലിച്ചു കയറ്റുകയോ ചെയ്യരുത്. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട്, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട്, മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാർ, വെൺപകൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ എന്നിവർ പങ്കെടുത്തു.



ഭരതനാട്യം അവതരിപ്പിപ്പ് ലഭിച്ച തുക തമിഴ്നാട് കള്ളക്കുറിച്ചി സ്വദേശി 13 വയസുകാരി ഹരിണിശ്രീ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

## ഭരതനാട്യം അവതരിപ്പിച്ച് ലഭിച്ച തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി തമിഴ് ബാലിക

തമിഴ്നാട്ടിൽ മൂന്ന് മണിക്കൂർ തുടർച്ചയായി ഭരതനാട്യം അവതരിപ്പിച്ച് ലഭിച്ച തുക സമാഹരിച്ച് വയനാടിനായി നൽകി ബാലിക. തമിഴ്നാട് കള്ളക്കുറിച്ചി തിരുക്കോവില്ലൂർ സ്വദേശി ബാലമുരുകൻറെയും ദേവിയമ്മയുടെയും മകളായ 13 വയസുകാരി ഹരിണി ശ്രീയാണ് തുടർച്ചയായി മൂന്ന് മണിക്കൂർ ഭരതനാട്യം അവതരിപ്പിച്ച് തുക സമാഹരിച്ചത്. ഇതോടൊപ്പം കയ്യിൽ സൂക്ഷിച്ച തുകയും ചേർത്ത് 15000 രൂപയാണ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറിയത്. ഇത് മാതൃകാപരമാണെന്ന് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആറ് വർഷമായി ഭരതനാട്യം അഭ്യസിക്കുന്ന ഹരിണിശ്രീ ലോകസമാധാനത്തിനായി തുടർച്ചയായി തിരുവണ്ണാമലയ്ക്ക് ചുറ്റും ഭതനാട്യം അവതരിപ്പിച്ച് ശ്രദ്ധ നേടിയിരുന്നു.

## ദുരന്തഭൂമിയിൽനിന്ന് സൈന്യം മടങ്ങുന്നു; സർക്കാർ യാത്രയയപ്പ് നൽകും

വയനാട്: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ സ്ഥലത്ത് തിരച്ചിലിന് നേതൃത്വം നൽകിയ സൈന്യം മടങ്ങുന്നു. സർക്കാരും ജില്ലാ ഭരണകൂടവും ചേർന്ന് അൽപസമയത്തിനകം ഇവർക്ക് യാത്രയയപ്പ് നൽകും.

ബെയ്‌ലി പാലം മെയിൻറനൻസ് സംഘവും ഹെലികോപ്റ്റർ സെർച്ച് ടീമും മാത്രമാണ് ഇനി വയനാട്ടിൽ തുടരുക. ഇനി എൻഡിആർഎഫ്, എസ്ഡിആർഎഫ് അഗ്നിശമനസേന തുടങ്ങിയവർ ചേർന്ന് തിരച്ചിൽ നടത്തും. തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, ബംഗളൂരു ബറ്റാലിയനുകളിൽനിന്നായി 500 അംഗ സൈന്യമാണ് ദുരന്തമുണ്ടായതിന് തൊട്ടുപിന്നാലെ ഇവിടെയെത്തിയത്. തിരച്ചിലിനുള്ള എല്ലാ സംവിധാനങ്ങളും മറ്റ് സേനകൾക്ക് ഒരുക്കി നൽകിക്കൊണ്ടാണ് ഇവർ മടങ്ങാൻ ഒരുങ്ങുന്നത്.

## പത്തനംതിട്ട നഴ്സിങ് കോളേജിൽ ട്യൂട്ടർ ഒഴിവ്

പത്തനംതിട്ട സർക്കാർ നഴ്സിങ് കോളേജിൽ ഒഴിവുള്ള രണ്ട് ട്യൂട്ടർ തസ്തികയിൽ ഒരു വർഷ കാലാവധിയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് 25000 രൂപ. കേരളത്തിലെ ഏതെങ്കിലുമൊരു സർക്കാർ, സ്വകാര്യ/സ്വാശ്രയ നഴ്സിങ് കോളേജിൽ നിന്ന് എം.എസ്‌സി നഴ്സിങ്, കെ.എൻ.എം.സി രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, പ്രവൃത്തിപരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖ എന്നിവയുമായി ആഗസ്റ്റ് 14ന് രാവിലെ 10 മണിക്ക് പത്തനംതിട്ട സർക്കാർ നഴ്സിംഗ് കോളേജിൽ പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.

## ചാക്ക ഗവ. ഐ.ടി.ഐ യിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ചാക്ക ഗവ. ഐ.ടി.ഐ യിൽ 202425 പരിശീലന വർഷത്തെ അഡ്മിഷനുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ ആഗസ്റ്റ് എട്ടിന് വ്യാഴാഴ്ച രാവിലെ 9 മണിക്ക് ഐടിഐയിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് www.itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0471 2502612.

## അധ്യാപകരക്ഷാകർതൃ സംഘടന വാർഷിക പൊതുയോഗം

തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപക രക്ഷാകർതൃസംഘടനയുടെ വാർഷിക പൊതുയോഗം ആഗസ്റ്റ് 10ന് രാവിലെ ഒമ്പത് മണി മുതൽ ഡയമണ്ട് ജൂബിലി ഹാളിൽ നടക്കും. സംഘടനാ പ്രസിഡന്റ് കൂടിയായ പ്രിൻസിപ്പലിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ കഴിഞ്ഞ അധ്യയന വർഷം വിരമിച്ച അധ്യാപകരെ ആദരിക്കുകയും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്യും. കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് പി.ടി.എ സെക്രട്ടറി ഡോ. സുരേഷ്കുമാർ. ഇയും 202425 വർഷത്തേക്കുള്ള ബഡ്ജറ്റ് പി.ടി.എ ട്രഷറർ ഡോ. ലക്ഷ്മീദേവി സി.എയും അവതരിപ്പിക്കും. തുടർന്ന് സംഘടനയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കും.

## എം.ബി.എ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവേശനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം പി.ടി.പി നഗറിലുള്ള റവന്യൂ വകുപ്പിന്റെ സ്വയംഭരണസ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ 202426 അധ്യയന വർഷത്തേക്കുള്ള എം.ബി.എ (ഡിസാസ്റ്റർ മാനേജ്മെന്റ്) കോഴ്സിനുള്ള ഓൺലൈൻ അപേക്ഷ ആഗസ്റ്റ് 8ന് വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. കോഴ്സിന് അപേക്ഷിച്ച വിദ്യാർഥികൾക്കുള്ള ഇന്റർവ്യൂ/ ഗ്രൂപ്പ് ഡിസ്കഷൻ എന്നിവ ആഗസ്റ്റ് 9ന് രാവിലെ നടത്തും.

## അധ്യാപക പാനലിലേക്ക് അപേക്ഷിക്കാം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഒരു വർഷ ദൈർഘ്യത്തിൽ ആരംഭിക്കുന്ന പരിഷ്കരിച്ച പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അധ്യാപക പാനൽ തയ്യാറാക്കുന്നു. ഡിഗ്രിതലത്തിൽ മലയാളം മെയിൻ വിഷയവും ഡിഎൽഎഡ്/ബിഎഡ് എന്നിവയുമാണ് യോഗ്യതകൾ. പതിനാല് ജില്ലകളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കും. ക്ലാസുകൾ ജില്ലാടിസ്ഥാനത്തിലാകും നടത്തുന്നത്. താത്പര്യമുള്ളവർ അപേക്ഷകൾ ആഗസ്റ്റ് 22 നകം ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, അക്ഷരം, പേട്ട ഗവ. ബോയ്സ് എച്ച് എസ് എസ് നു സമീപം, തിരുവനന്തപുരം 24 എന്ന വിലാസത്തിലോ stateliteracymission@gmail. com എന്ന ഇമെയിലിലേക്കോ അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04712472253, 2472254.

## കേരഫെഡിൽ ഫിനാൻസ് മാനേജർ

കേരഫെഡ് ഹെഡ് ഓഫീസിൽ മാനേജർ (ഫിനാൻസ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കേരഫെഡിന്റെ നിയമചട്ടത്തിൽ നിഷ്കർഷിച്ച രീതിയിൽ, പി.എസ്.സി മുഖേന സ്ഥിരനിയമനം നടത്തുന്നതുവരെയോ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷം പൂർത്തിയാകുന്നതുവരെയോ ആയിരിക്കും നിയമനം. അപേക്ഷകർ വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരായിരിക്കണം. ശമ്പള സ്കെയിൽ 60900103600. മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം, കെ.എസ്.ആർ പാർട്ട് ഒന്ന് റൂൾ 144 പ്രകാരം നിശ്ചിത മാതൃകയിൽ ആഗസ്റ്റ് 22ന് വൈകുന്നേരം അഞ്ച് മണിക്കകം മാനേജിംഗ് ഡയറക്ടർ, കേരഫെഡ് ഹെഡ് ഓഫീസ്, കേര ടവർ, വെള്ളയമ്പലം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.kerafed.com, ഫോൺ: 0471 2322736, 2320504

## എസ്എസ്എൽസി പരീക്ഷ; മാർക്കും ഇനി അറിയാനാവും

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷയിൽ വിദ്യാർഥികൾക്ക് ലഭിക്കുന്ന മാർക്ക് ഇനി അറിയാനാവും. ഫലംവന്ന് മൂന്നു മാസത്തിനുശേഷം വിദ്യാർഥികൾ ആവശ്യപ്പെട്ടാൽ മാർക്ക് വിവരം ലഭിക്കും. ഇത് സംബന്ധിച്ച് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി.

പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500 രൂപയുടെ ഡിഡി സഹിതം പരീക്ഷാ ഭവനിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർഥികൾക്ക് മാർക്ക് വിവരങ്ങൾ നൽകണമെന്ന് പരീക്ഷാ കമ്മീഷണർക്ക് സർക്കാർ നിർദേശം നൽകി. മാർക്ക് വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി വിദ്യാർഥികൾ സർക്കാരിനെ സമീപച്ചതോടെയാണ് പുതിയ നീക്കം. സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും തുടർ പഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കും വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്ന വിദ്യാർഥികൾക്കും മാർക്ക് വിവരം ലഭ്യമാക്കണം. ഈ സാഹചര്യത്തിലാണ് പുതിയ നീക്കം.

## പിന്തുണക്ക് നന്ദി; ഭക്ഷ്യവസ്തുക്കൾ സ്വീകരിക്കുന്നത് നിർത്തിയെന്ന് വയനാട് കളക്ടർ

കൽപ്പറ്റ: വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിലെ ദുരന്ത ബാധിതർ കഴിയുന്ന ക്യാമ്പുകളിലേക്കും രക്ഷാപ്രവർത്തകർക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ കളക്ഷൻ സെൻററിൽ ആവശ്യത്തിനുണ്ടെന്ന് വയനാട് ജില്ലാ കളക്ടർ മേഘശ്രീ അറിയിച്ചു.

ഇതിനാൽ തൽക്കാലത്തേക്ക് കളക്ഷൻ സെൻററിൽ ഭക്ഷ്യ സാധനങ്ങൾ സ്വീകരിക്കുന്നത് നിർത്തിവച്ചതായും കളക്ടർ അറിയിച്ചു. വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളിൽ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് അവശ്യ ഭക്ഷ്യവസ്തുക്കളുടെ സ്ഥിരമായ വിതരണം ഉറപ്പാക്കുന്നതിന് സമയബന്ധിതമായി സഹായം നൽകിയതിന് പൊതുജനങ്ങളോടും സന്നദ്ധ സംഘടനകളോടും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുകയാണെന്നും ജില്ലാ കളക്ടർ പറഞ്ഞു.

## റെസ്‌ലിംങ് അസിസ്റ്റന്റിനെ ആവശ്യമുണ്ട്

കായിക യുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ കുന്നംകുളം സ്കൂളിലേക്ക് ഒരു റെസ്‌ലിംങ് അസിസ്റ്റന്റ് പരിശീലകനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. കോച്ചിങ്ങിൽ ഡിപ്ലോമ, അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള രണ്ടവർഷത്തെ പ്രവൃത്തിപരിചയം എന്നീ യോഗ്യതയും ബന്ധപ്പെട്ട കായികയിനത്തിൽ മതിയായ പ്രവൃത്തി പരിചയമുള്ളവർക്കും അപേക്ഷിക്കാം. പ്രവൃത്തിപരിചയമുള്ളവരുടെ അഭാവത്തിൽ പ്രവൃത്തിപരിചയമില്ലാത്തവരെയും പരിഗണിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 13ന് രാവിലെ 10 മണിക്ക് കായിക യുവജന കാര്യാലയത്തിൽ എത്തിചേരണം. അപേക്ഷാ ഫോം വകുപ്പിൽ നിന്ന് നേരിട്ട് ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2326644.



ചെന്നൈ എസ്.എൻ.ജെ ഡിസ്റ്റിലറീസിന്റെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഒരു കോടി രൂപ ചെയർമാൻ എസ്.എൻ ജയമുരുകൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

## കൊല്ലം ഗവ. മെഡിക്കൽ കോളേജിൽ സീനിയർ റെസിഡന്റ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഇഎൻടി വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് താൽകാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 16ന് രാവിലെ 11 മണിക്ക് നടത്തും. വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.gmckollam.edu.in) സന്ദർശിക്കുക.

## സ്പോട്ട് അഡ്മിഷൻ 13 ന്

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ എൻജിനീയറിങ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ എൻജിനീയറിങ്, ഇലക്ട്രോണിക്സ് എൻജിനീയറിങ് എന്നീ ഡിപ്ലോമ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 13 നു നടത്തും. പങ്കെടുക്കാൻ താൽപര്യമുള്ള നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ അന്നേ ദിവസം രാവിലെ 11 നു മുൻപ് കോളേജിൽ എത്തി രജിസ്റ്റർ ചെയ്യണം. എസ്എസ്എൽസി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, ടിസി, സ്വഭാവ സർട്ടിഫിക്കറ്റ്, കമ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ എന്നിവ അഡ്മിഷൻ സമയത്ത് ഹാജരാക്കണം.

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 73064223502, 9497688633.

## ലോക മുലയൂട്ടൽ വാരം ആചരിച്ചു

ആഗസ്റ്റ് ഒന്നു മുതൽ ഏഴ് വരെ ലോക മുലയൂട്ടൽ വാരം ആചരിക്കുന്നതുമായി ബന്ധപ്പട്ട് നടക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ശിശുരോഗ വിദഗ്ധൻ ഡോ. ബെന്നറ്റ് സൈലം ക്ലാസ് എടുത്തു.

ആറു മാസം വരെയെങ്കിലും മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അത് കുഞ്ഞിന്റെ ശാരീരിക മാനസിക വളർച്ചയെ എങ്ങനെ ഗുണപരമായി സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചും ക്ലാസിൽ വ്യക്തമാക്കി. കുടുംബക്ഷേമ വിഭാഗം അഡീഷണൽ ഡയറക്ടർ ഡോ. വി. മീനാക്ഷി, പ്ലാനിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഡോ. അജിത വി, കൗമാരോഗ്യം സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. അമർ ഫെറ്റിൽ, ചൈൽഡ് ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. രാഹുൽ യു ആർ എന്നിവർ പങ്കെടുത്തു.

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് നേരെ ലൈംഗീകാതിക്രമം; മതപാഠശാലയിലെ അധ്യാപകൻ അറസ്റ്റിൽ

കൊല്ലം: കരുനാഗപ്പള്ളിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് ലൈംഗീക അതിക്രമം നടത്തിയ മതപാഠശാലയിലെ അധ്യാപകൻ അറസ്റ്റിൽ. കരുനാഗപ്പള്ളി തഴവ കുറ്റിപ്പുറം സ്വദേശി നൗഷാദ്(44) ആണ് പിടിയിലായത്.10 വയസുകാരിക്കു നേരെയാണ് അതിക്രമമുണ്ടായത്. പ്രതി പെൺകുട്ടിയെ പിൻതുടർന്ന് വീട്ടിലെത്തുകയും ലൈംഗിക അതിക്രമം നടത്തുകയുമായിരുന്നു. വീട്ടിൽ ആരുമില്ലാത്ത സമയത്തായിരുന്നു ഇത്. എന്നാൽ ഉടൻ തന്നെ കുട്ടി പ്രതിയെ വീടിന് പുറത്താക്കി കതകടച്ച് രക്ഷപെടുകയായിരുന്നു.

സംഭവം കുട്ടി സ്കൂളിലെ അധ്യാപികയോട് പറഞ്ഞു. തുടർന്ന് സ്കൂളിലെ കൗൺസിലിംഗിന് ശേഷം പോലീസിൽ വിവരം അറിയിച്ചു. കരുനാഗപ്പള്ളി പോലീസിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തത്. കോടതിയിൽ ഹാജരാക്കിയ നൗഷാദിനെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.



*ദശീയ കൈത്തറി ദിനാഘോഷത്തിന്റെ ഭാഗമായി കൈത്തറി ദിനാഘോഷ ഉദ്ഘാടനവും മികച്ച കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു.*

# തവനൂർ സ്കിൽ പാർക്കിൽ സെൻട്രൽ ഫൂട്ട് വെയർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സെന്റർ ആരംഭിക്കും: മന്ത്രി ഡോ. ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയുടെ തവനൂർ സ്കിൽ പാർക്കിൽ സെൻട്രൽ ഫൂട്ട് വെയർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ്റ്റൻഷൻ സെന്റർ ആരംഭിക്കാൻ ധാരണയായതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയും സെൻട്രൽ ഫൂട്ട് വെയർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടും തമ്മിലുള്ള ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മാറുന്ന തൊഴിൽ സാഹചര്യങ്ങളെ മുൻനിർത്തി സെൻട്രൽ ഫൂട്ട് വെയർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുമായി(സിഎഫ്ടിഐ) ചേർന്ന് നോൺ ലെതർ പാദരക്ഷാനിർമാണ മേഖലയിലെ നൂതന പരിപാടികൾ സംഘടിപ്പിക്കാനാണ് തീരുമാനമായത്.

പാദരക്ഷാ നിർമാണ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളുടെ ആവശ്യാനുസരണം അവരുടെ തൊഴിലാളികൾക്കുള്ള പ്രത്യേക നൈപുണ്യ വികസന കോഴ്സുകളും ഇതോടൊപ്പം ലഭ്യമാക്കും. ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ, ബേസിക് കട്ടിങ് ഓപ്പറേറ്റർ, ഫൂട്ട് വെയർ സിഎഡി / സിഎഎം ഓപ്പറേറ്റർ, ലൈൻ സൂപ്പർ വൈസർ തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ പരിഗണനയിലുണ്ട്. പാദരക്ഷാനിർമാണ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ അഭിമുഖീകരിക്കുന്ന നൂതന സാങ്കേതികവിദ്യാ നിപുണരായ തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്ന പ്രശ്നം ഒരു പരിധിവരെ പരിഹരിയ്ക്കുവാൻ ഇത്തരം പരിശീലന പരിപാടികളിലൂടെ സാധിക്കുമെന്ന് മന്ത്രി അറിയിച്ചു.

തൽപരരായ ഉദ്യോഗാർഥികൾക്ക് പദ്ധതിയുടെ ഭാഗമായി യഥാർഥ തൊഴിൽ സാഹചര്യങ്ങൾ മനസിലാക്കുവാനും നേരിട്ടു തൊഴിൽ നൽകുന്ന പരിശീലന പരിപാടികളിൽ ഏർപ്പെടാനുമുള്ള സൗകര്യങ്ങൾ തവനൂർ കമ്യൂണിറ്റി സ്കിൽ പാർക്കിൽ ഒരുക്കും. 25000 ചതുരശ്ര അടി വിസ്താരമുള്ള കമ്യൂണിറ്റി സ്കിൽ പാർക്കിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഉയർന്ന നിലവാരത്തിലുള്ള ലാബ്, വർക്ക്ഷോപ്പ് സൗകര്യങ്ങളും അത്യന്താധുനിക സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ച സ്മാർട്ട് ക്ലാസ് മുറികളും സജ്ജീകരിക്കുന്നുണ്ട്. തൊഴിൽ നൈപുണ്യവികസനം എന്ന സുപ്രധാന ലക്ഷ്യം മുൻനിർത്തി അസാപ് കേരള, കമ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെ വിവിധ പരിശീലന പരിപാടികൾ ഇപ്പോൾത്തന്നെ നടത്തി വരുന്നുണ്ട്. തവനൂർ അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വെഹിക്കൾ റീഫിനിഷ് തുടങ്ങിയ വിവിധ നൈപുണ്യവികസന പരിശീലനപദ്ധതികൾ നടന്നു വരുന്നു. കൂടാതെ പ്ലേസ്മെന്റ് ഡ്രൈവുകളും വിവിധ ഇന്റേൺഷിപ്പ് പരിപാടികളും ഇവിടെ സംഘടിപ്പിക്കുന്നു.

സിഎഫ്ടിഐ ട്രെയിനിങ് എക്സ്റ്റൻഷൻ സെന്റർ തവനൂർ സ്കിൽ പാർക്കിൽ സ്ഥാപിതമാകുന്നതോടെ തികച്ചും വ്യത്യസ്തമായൊരു വ്യവസായമേഖലയിൽ നൈപുണ്യപരിശീലനം ലഭിക്കുന്നതിനുള്ള അവസരം തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ലഭ്യമാകും. പാദരക്ഷ നിർമാണമേഖലയിൽ പുതിയ കമ്പനികൾ വരുന്നതിനും ഇപ്പോൾ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് അവരുടെ നിർമാണ വിതരണപ്രവർത്തങ്ങൾ മെച്ചപ്പെടുത്തുന്നതിനും സെന്ററിലെ പരിശീലനം സഹായകരമാവുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ അസാപ്കേരള സി.എം.ഡി ഡോ. ഉഷ ടൈറ്റസും സിഎഫ്ടിഐ ചെന്നൈ ഡയറക്ടർ കെ മുരളിയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. അസാപ് കേരള കമ്യൂണിറ്റി സ്കിൽ പാർക്ക് ഹെഡ് സജിത്ത് കുമാർ ഇ.വി, അസോസിയേറ്റ് ഡയറക്ടർ രാകേഷ് കെ വി, സിഎഫ്ടിഐ ചെന്നൈ ചീഫ് കോർഡിനേറ്റർ നാഗരാജൻ എന്നിവർ പങ്കെടുത്തു

# ദുരന്തമുഖത്ത് ആശ്വാസമേകാൻ ഭാരതീയ ചികിത്സാ വകുപ്പും ദേശീയ ആയുഷ് മിഷനും

ഉരുൾപൊട്ടലിൽ ഉള്ളുലഞ്ഞവർക്ക് മാനസികാരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള ആയുർവേദ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ ആയുർവേദ മെഡിക്കൽ സംഘം. ദുരന്തത്തിൽ ഒടിവ്, ചതവ് തുടങ്ങിയ പരിക്കുകളോടെ രക്ഷപെട്ടവർക്ക് വേണ്ട ആയുർവേദ ചികിത്സകൾ ,മാനസിക ആഘാതം കുറയ്ക്കുന്നതിന് വേണ്ടിയുള്ള കൗൺസലിങ് തുടങ്ങിയ എല്ലാ സജ്ജീകരണങ്ങളും ആയുഷ് മിഷനും ഭാരതീയ ചികിത്സ വകുപ്പും സംയുക്തമായി ഒരുക്കിയിട്ടുണ്ട്. മറ്റു ജില്ലകളിൽ നിന്നുള്ള ആയുർവേദ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാരെയും വകുപ്പ് നിയോഗിച്ചിട്ടുണ്ട്.

ദുരന്തം നടന്ന ആദ്യദിനം തന്നെ ഭാരതീയ ചികിത്സ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ. പ്രീത, നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഹരിത ജയരാജ് എന്നിവരുടെ നേതൃത്വത്തിൽ മേപ്പാടി ദുരിതാശ്വാസ ക്യാമ്പിൽ അടിയന്തര ആയുർവേദ ക്യാമ്പ് സംഘടിപ്പിച്ചു. ജനറൽ കൺവീനർ ഡോ അരുൺ കുമാർ മേപ്പാടി, മെഡിക്കൽ ഓഫീസർമാരായ ഡോ ഹരിശങ്കർ, ഡോ രേഖ സി എന്നിവർ ആയുർവേദ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ചു, ദുരന്തം തകർത്തെറിഞ്ഞ മനുഷ്യർക്കിടയിൽ സേവനം നൽകി വരുന്നു.

വിവിധ ക്യാമ്പുകളിൽ രാവിലെ എട്ടു മുതൽ വൈകുന്നേരം ആറു വരെയും, കൂടുതൽ പേരുള്ള ക്യാമ്പുകളിൽ രാത്രി പത്തു വരെയും ആയുഷ് മെഡിക്കൽ സംഘത്തിന്റെ സേവനം ലഭ്യമാണ്. അവശ്യ ആയുഷ് മരുന്നുകൾ, ബയോ മെഡിക്കൽ ഉപകരണങ്ങൾ ബാൻഡേജിങ്, ഇൻഫ്രാറെഡ് തെറാപ്പി, മൊബൈൽ പഞ്ചകർമ യൂണിറ്റ്, ജീവനക്കാരെയും മരുന്നുകളും എത്തിക്കാനുള്ള വാഹന സൗകര്യം തുടങ്ങിയവ ആയുഷ് മിഷൻ കേരളയുടെ നേതൃത്വത്തിൽ സജ്ജമാക്കി.

മാനസിക ആഘാതം ഏറ്റവർക്ക് കൗൺസലിങ് നൽകാൻ ആയുർവേദ മാനസികാരോഗ്യ വിഭാഗം സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉറപ്പാക്കും. കൂടാതെ രക്ഷാപ്രവർത്തകരായ എൻഡിആർഎഫ്, മറ്റു ആർമി വിഭാഗങ്ങൾ, സന്നദ്ധ സേവകർ എന്നിവർക്കും ആവശ്യമായ ആയുർവേദ മെഡിക്കൽ പരിരക്ഷ നൽകിവരുന്നു.

# എടിഎം ആണെന്ന് കരുതി പാസ്ബുക്ക് പ്രിൻറർ മെഷീൻ പൊളിച്ചു; പ്രതി പിടിയിൽ

മലപ്പുറം: മോഷണത്തിനായി എടിഎം കൗണ്ടറിനുള്ളിൽ കയറി പാസ്ബുക്ക് പ്രിൻറർ മെഷീനും കാഷ് ഡെപ്പോസിറ്റ് മെഷീനും പൊളിച്ച പ്രതി പിടിയിൽ. യുപി അലഹാബാദിലെ ബരേത്ത് പുരോഗബായ് സ്വദേശി ജിതേന്ദ്ര ബിന്ദ് (33) ആണ് അറസ്റ്റിലായത്.

ഞായറാഴ്ച പുലർച്ചെയാണ് ഇയാൾ തിരൂർ താഴേപ്പാലത്തുള്ള എസ്ബിഐ ബാങ്കിനോടു ചേർന്നുള്ള എടിഎം കൗണ്ടറിൽ കയറിയത്. എടിഎം ആണെന്നു കരുതി, കൈയിലുണ്ടായിരുന്ന ഇരുമ്പുപാര ഉപയോഗിച്ചു പാസ്ബുക്ക് പ്രിൻറർ മെഷീൻ പൊളിച്ചു. പണം ലഭിക്കാതെ വന്നതോടെ അടുത്തുണ്ടായിരുന്ന സിഡിഎമ്മും പൊളിച്ചു.

സിസിടിവിയിൽ നിന്നു മോഷണശ്രമം മനസിലാക്കിയ ബാങ്ക് അധികൃതർ വിവരം ഉടൻ പൊലീസിനെ അറിയിച്ചു. സിസിടിവിയിൽ നിന്ന് ആളെ തിരിച്ചറിഞ്ഞ പോലീസ് മണിക്കൂറുകൾക്കുള്ളിൽ പ്രതിയെ പിടികൂടുകയായിരുന്നു. മെഷീനുകൾ തകർത്തതിൽ ബാങ്കിന് ഒരുലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

# വയനാട് ദുരന്തം: കേന്ദ്ര വനം മന്ത്രിയുടെ പ്രസ്താവന പിൻവലിക്കണം; മന്ത്രി എ.കെ.ശശീന്ദ്രൻ

വയനാട് ഉരുൾപൊട്ടലിന് കാരണം അനധികൃത കുടിയേറ്റങ്ങളും കയ്യേറ്റങ്ങളുമാണെന്ന തരത്തിൽ ദുരന്തത്തിന്റെ ഇരകളെ അനധികൃത കയ്യേറ്റക്കാരായി ചിത്രീകരിക്കുന്ന രീതിയിൽ നടത്തിയ പ്രസ്താവന പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി വകുപ്പു മന്ത്രി ഭൂപേന്ദർ യാദവിന് സംസ്ഥാന വനം വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ കത്തയച്ചു. ദുരന്തത്തിന്റെ ഇരകളെ അനധികൃത കുടിയേറ്റക്കാരായി ചിത്രീകരിക്കുന്നത് തീർത്തും അപലപനീയമാണ്. ദുരന്തത്തിന് ഇരകളായവരുടെ മൃതദേഹങ്ങളും ശരീരാവശിഷ്ടങ്ങളും രക്ഷാപ്രവർത്തകർ വീണ്ടെടുക്കുന്ന വേളയിൽ ഈ പ്രസ്താവന വേദനാജനകമാണെന്നും മന്ത്രി കത്തിൽ ചൂണ്ടിക്കാട്ടുന്നു.

വയനാട്ടിലെ ദുരന്തത്തിന് ഇരയായവർ കാലാകലങ്ങളിൽ ബാധകമായ നിയമങ്ങൾക്ക് അനുസൃതമായാണ് അവിടെ താമസിച്ച് വന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ പെയ്ത കനത്ത മഴയാണ് ചൂരൽമല, മുണ്ടക്കൈ, അട്ടമല പ്രദേശത്തെ ഉരുൾപൊട്ടലിന് കാരണമായത്. ഈ പ്രദേശം ദുരന്ത സാധ്യതാ മേഖലയിൽ ഉൾപ്പെടുന്നുമില്ല. ദുരന്തസ്ഥലത്ത് നിന്നും 10 കി.മീറ്ററിലേറെ ദൂരെയാണ് കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നത്. ദുരന്തകാരണം അനധികൃത ഖനനമാണെന്ന കേന്ദ്രമന്ത്രിയുടെ കുറ്റപ്പെടുത്തലിനെ ഇത് നിരാകരിക്കുകയാണെന്നും മന്ത്രി കത്തിൽ പറയുന്നു.

ദുരിതബാധിതർക്ക് ഉടനടി ആശ്വാസം നൽകുന്നതിനും സുസ്ഥിരമായ പരിഹാര ശ്രമങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതിനും ഉള്ള സമയമാണിത്. ഈ ദുർബല സമൂഹത്തെ അവരുടെ കഷ്ടപാടുകൾക്കിടയിൽ കുറ്റപ്പെടുത്തുന്നത് പൊതുസമൂഹത്തിന് അംഗീകരിക്കാൻ സാധിക്കുന്നതല്ല. സമഗ്രമായ പരിസ്ഥിതി നയങ്ങൾ, ശക്തമായ ദുരന്ത നിവാരണ പദ്ധതികൾ, പരിസ്ഥിതിയെയും പ്രദേശ വാസികളുടെ അവകാശങ്ങളെയും മാനിക്കുന്ന തരത്തിലുള്ള വികസനപദ്ധതികൾ തുടങ്ങിയവ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് നാം ചെയ്യേണ്ടത്. ദുരന്തത്തിന് ഇരയായവർക്ക് ആശ്വാസമെത്തിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ വേഗത്തിലാക്കി.

കേന്ദ്രമന്ത്രിയുടെ നിലപാട് പുനപരിശോധിച്ച് പ്രസ്താവന പിൻവലിക്കണമെന്നും ഈ ദുരന്തസമയത്ത് വയനാട്ടിലെ ജനങ്ങളെ പിന്തുണയ്ക്കണമെന്നും ഇത്തരം ദുരന്തങ്ങളെ നേരിടാൻ സംസ്ഥാനകേന്ദ്ര സർക്കാരുകൾ തമ്മിൽ ക്രിയാത്മകമായ സഹകരണം അനിവാര്യമാണെന്നും മന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

# ട്രാൻസ്ജൻഡർ കലാസംഘം; താൽപര്യപത്രം ക്ഷണിച്ചു

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ അഭിരുചി, സർഗാത്മകത, പ്രായോഗിക ശേഷി എന്നിവ വിലയിരുത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകി സാമൂഹികമായും സാമ്പത്തികമായും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'അനന്യം' എന്ന പേരിൽ പദ്ധതിയുടെ നിർവ്വഹണത്തിന് താത്പര്യമുള്ള സർക്കാർ / സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നു താത്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ www.sjd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം. താല്പര്യമുള്ള ഏജൻസികൾ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, അഞ്ചാം നില, വികാസ് ഭവൻ, പിഎംജി, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ആഗസ്റ്റ് 31 ന് വൈകുന്നേരം അഞ്ചിനു മുൻപ് സമർപ്പിക്കണം.

# എൽ.ബി.എസിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

തിരുവനന്തപുരം എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ), ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇ&എം) കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. കോഴ്സ് സമയം, ഫീസ് തുടങ്ങിയ വിശദ വിവരങ്ങൾക്ക് http://lbscetnre.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 04712560333/ 9995005055.

# തീരദേശ പരിപാലന പ്ലാൻ ഇന്ന് ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കും

ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 കേരള തീരദേശ പരിപാലന പ്ലാൻ ആഗസ്റ്റ് ഒമ്പതിന് ഉച്ചയ്ക്ക് 12 ന് ചീഫ് സെക്രട്ടറി ഡോ. വേണുവിന് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം ഡയറക്ടർ പ്രൊ. എൻ.വി. ചലപതി റാവു, ഡോ. റെജി ശ്രീനിവാസ് എന്നിവർ ചേർന്ന് സമർപ്പിക്കും. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ചേരുന്ന യോഗത്തിൽ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ആൻഡ് ചെയർമാൻ ഡോ. രത്തൻ യു. ഖേൽഘർ, കേരള തീരദേശപരിപാലന അതോറിറ്റി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സുനീൽ പമിടി, കേരള തീരദേശ പരിപാലന അതോറിറ്റിയിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമാണ് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ സർക്കാർ ചുമതലപ്പെടുത്തിയത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതോടുകൂടി 2019 തീരദേശ പരിപാലന നിയമം കേരളത്തിൽ നിലവിൽ വരും.

# ഹിന്ദു മുസ്‌ലിം ഐക്യം തകർക്കാനുള്ള നീക്കമെന്ന് പ്രതിപക്ഷം; വഖഫ് ബില്ലിനെച്ചൊല്ലി ലോക്സഭയിൽ ബഹളം

ന്യൂഡൽഹി: വഖഫ് ബോർഡ് നിയമ ഭേദഗതി ബില്ലിൽ ലോക്സഭയിൽ ഭരണപ്രതിപക്ഷാംഗങ്ങൾ തമ്മിൽ രൂക്ഷമായ വാക്പോര്. കേന്ദ്രമന്ത്രി കിരൺ റിജിജുവാണ് ബില്ല് അവതരിപ്പിക്കാൻ ലോക്സഭയിൽ അനുമതി തേടിയത്. ബില്ലിനെ കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ കോൺഗ്രസ്, എസ്പി, എഎപി, സിപിഎം തുടങ്ങിയ എല്ലാ പ്രതിപക്ഷ പാർട്ടി അംഗങ്ങളും ശക്തമായി എതിർത്തു. ബിൽ വിശദമായ പരിശോധനക്ക് വിധേയമാക്കണമെന്ന് എൻഡിഎ സഖ്യകക്ഷിയായ എൽജെപി ആവശ്യപ്പെട്ടു. അതേസമയം, ബിൽ മതപരമായ വിഷയത്തിലുള്ള ഇടപെടലാണെന്ന് കോൺഗ്രസ് നേതാവ് കെ.സി വേണുഗോപാൽ ചൂണ്ടിക്കാട്ടി. ഗുരുവായൂർ ദേവസ്വം ബോർഡിൽ മുസ്!ലിംകളെ ഉൾപ്പെടുത്താറുണ്ടോയെന്നു ചോദിച്ച അദ്ദേഹം ഈ വിഭജന രാഷ്ട്രീയം ജനം അംഗീകരിക്കില്ലെന്നും ബിൽ അവതരിപ്പിക്കാനോ, പാസാക്കാനോ പാടില്ലെന്നും ആവശ്യപ്പെട്ടു.

ബില്ലിന്റെ പിന്നിൽ വൃത്തികെട്ട അജണ്ടയാണെന്ന് മുസ്‌ലിം ലീഗ് അംഗം ഇ.ടി. മുഹമ്മദ് ബഷീർ കുറ്റപ്പെടുത്തി. ഹിന്ദു മുസ്‌ലിം ഐക്യം തകർക്കാനാണ് ശ്രമമെന്നും ഇന്ത്യയുടെ ഐക്യം തന്നെ തകർക്കുന്ന ബില്ലാണിതെന്നും സിപിഎം എംപി കെ. രാധാകൃഷ്ണൻ പറഞ്ഞു.

മതേതരത്വത്തിന്റെ ഭാവി തകർക്കുന്ന ബില്ലാണിതെന്നും വഖഫ് ബോർഡിനെ തകർക്കുന്ന നടപടിയാണിതെന്നും എൻ. കെ. പ്രേമചന്ദ്രൻ വിമർശിച്ചു.

ച!ർച്ചക്കിടെ എസ്പി അധ്യക്ഷൻ അഖിലേഷ് യാദവും അമിത് ഷായും തമ്മിൽ രൂക്ഷമായ ത!ർക്കവും സഭയിൽ നടന്നു. മുസ്!ലിംകളോടുള്ള അനീതിയാണിതെന്നും വലിയൊരു തെറ്റാണു നടക്കാൻ പോകുന്നതെന്നും അതിന്റെ പരിണിതഫലം കാലങ്ങളോളം അനുഭവിക്കേണ്ടി വരുമെന്നും എസ്പി വിമർശിച്ചു. സർക്കാർ നിലപാട് ദുരൂഹമാണെന്നും ഭരണഘടനാ വിരുദ്ധമാണെന്നും തൃണമൂൽ കോൺഗ്രസ് വിമർശിച്ചു. ബിൽ ജനദ്രോഹപരമാണെന്നും ഭരണഘടനയ്ക്കും, ജനാധിപത്യത്തിനും എതിരാണെന്നുമാണ് ഡിഎംകെ നേതാവ് കനിമൊഴി അഭിപ്രായപ്പെട്ടത്. വഖഫ് ബിൽ ഭരണഘടനയുടെ 14,15,27 ഭേദഗതികളുടെ ലംഘനമാണെന്നും ഇത് വിവേചനപരവും ഏകപക്ഷീയവുമാണെന്നും അസദുദ്ദീൻ ഒവൈസി അറിയിച്ചു. അതേസമയം, ബിൽ പിൻവലിക്കുകയോ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിടുകയോ ചെയ്യണമെന്ന് എൻസിപി (ശരദ് പവാർ) വിഭാഗം എംപി സുപ്രിയ സുലെ പറഞ്ഞു.

ബില്ലിനെതിരെ വലിയ പ്രചാരണം നടക്കുന്നുവെന്ന് പ്രതിപക്ഷത്തിനു മറുപടിയായി കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ബിൽ ഇതിനോടകം തന്നെ വിതരണം ചെയ്തതാണെന്നും പൊതുമധ്യത്തിൽ ബില്ലുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടനയിലെ 25 മുതൽ 30 വരെ അനുച്ഛേദങ്ങളെ വഖഫ് ഭേദഗതി ബിൽ ബാധിക്കില്ല. മുസ്‌ലിം സമുദായത്തിൽ പിന്നാക്കം നിൽക്കുന്ന വനിതകളെയും കുട്ടികളെയും മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നത്. 1954ലാണ് വഖഫ് ബിൽ കൊണ്ടുവന്നത്. അതിന് ശേഷം ഈ ബില്ലിൽ ഒരു തരത്തിലുള്ള ഭേദഗതിയും ഉണ്ടായിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. ഇത്രയും കാലം വഖഫിനുവേണ്ടി കോൺഗ്രസ് സർക്കാരുകൾ ഒന്നും ചെയ്തിട്ടില്ല. യുപിഎ സർക്കാരിന് ചെയ്യാൻ കഴിയാത്തത് തങ്ങൾ ചെയ്യുന്നു. സാധാരണക്കാരായ മുസ്‌ലിം സഹോദരങ്ങൾക്കു വേണ്ടിയാണ് ഈ ഭേദഗതി. വിഷയത്തിൽ പ്രതിപക്ഷം തെറ്റിദ്ധാരണ പടർത്തുകയാണ്. ബില്ലിനെ എതിർക്കുന്നവർക്ക് ചരിത്രം മാപ്പു തരില്ല. ഇതിന്റെ പേരിൽ മതസ്വാതന്ത്ര്യത്തിൽ കൈ കടത്തില്ലെന്നും ആരുടെയും ഒരവകാശവും കവർന്നെടുക്കുകയില്ലെന്നും കിരൺ റിജിജു കൂട്ടിച്ചേർത്തു.

# പാഠപുസ്തകത്തിൽ നിന്നും ഭരണഘടനാ ആമുഖം ഒഴിവാക്കിയെന്നത് തെറ്റ്: എൻസിഇആർടി

ന്യൂഡൽഹി: പാഠപുസ്തകത്തിൽ നിന്നും ഭരണഘടനാ ആമുഖം ഒഴിവാക്കിയെന്ന വാദം തെറ്റാണെന്ന് എൻസിഇആർടി. ആമുഖത്തിൽ മാത്രമാണ് ഭരണഘടന പ്രതിഫലിക്കുന്നതെന്നത് ഇടുങ്ങിയ വാദമാണെന്നും എൻസിഇആർടി വ്യക്തമാക്കി.ആമുഖത്തോടൊപ്പം മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ, ദേശീയ ഗാനം മുതലായവയ്ക്കും പരിഗണന നൽകുകയാണ്. വിവിധ തലങ്ങളിലെ പാഠപുസ്തകങ്ങളിൽ ഇവ ഉൾപ്പെടുത്തും.

എന്തു കൊണ്ട് ഇവയിലൂടെ വിദ്യാർഥികൾക്ക് ഭരണഘടനാമൂല്യങ്ങൾ മനസിലാക്കിക്കൂടായെന്നും എൻസിഇആർടി ചോദിച്ചു. ആദ്യമായി ഭരണഘടനയുടെ വ്യത്യസ്ത ഭാഗങ്ങൾക്ക് പ്രാധാന്യം നൽകുകയാണെന്ന് എൻസിഇആർടി വ്യക്തമാക്കി.മൂന്ന്, ആറ് ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ നിന്നാണ് നിലവിൽ ഭരണഘടന ആമുഖം ഒഴിവാക്കിയത്. പകരമായി ഈ പുസ്തകങ്ങളിൽ ദേശീയ ഗാനം, ദേശീയ ഗീതം, മൗലികാവകാശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



*മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള മിൽമയുടെ സംഭാവനയായ 50 ലക്ഷം രൂപയുടെ ചെക്ക് ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, മിൽമ ചെയർമാൻ കെ.എസ് മണി, തിരുവനന്തപുരം മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, എറണാകുളം മേഖല യൂണിയൻ ചെയർമാൻ എം.ടി ജയൻ എന്നിവർ ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.*

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മിൽമ 50 ലക്ഷം രൂപ നൽകി

തിരുവനന്തപുരം: വയനാട് ചൂരൽമലമുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മിൽമ 50 ലക്ഷം രൂപ സംഭാവന നൽകി.മിൽമ മലബാർ മേഖല യൂണിയൻ (20 ലക്ഷം), തിരുവനന്തപുരം മേഖല യൂണിയൻ, എറണാകുളം മേഖല യൂണിയൻ, മിൽമ ഫെഡറേഷൻ (10 ലക്ഷം വീതം) ചേർത്താണ് 50 ലക്ഷം രൂപ നൽകിയത്.

ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, മിൽമ ചെയർമാൻ കെ.എസ് മണി, തിരുവനന്തപുരം മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, എറണാകുളം മേഖല യൂണിയൻ ചെയർമാൻ എം.ടി ജയൻ എന്നിവർ ചേർന്ന് 50 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

# വിജ്ഞാൻ ശ്രീ പുരസ്കാരം കൂടുതൽ അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ പ്രചോദനം: ഡോ. അനന്തരാമകൃഷ്ണൻ സി

തിരുവനന്തപുരം: രാജ്യത്തിൻറെ ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതിയ്ക്കായി അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ ഭാരത സർക്കാരിൻറെ വിജ്ഞാൻ ശ്രീ പുരസ്കാരം പ്രചോദനമാകുമെന്ന് സിഎസ്ഐആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർഎൻഐഐഎസ്ടി) ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ സി പറഞ്ഞു.

കൃഷിശാസ്ത്ര വിഭാഗത്തിൽ ലഭിച്ച ഈ പുരസ്കാരത്തെ വളരെ സന്തോഷത്തോടെയും വിനയത്തോടെയുമാണ് നോക്കിക്കാണുന്നത്. ശാസ്ത്ര മേഖലയിലെ പുരോഗതി മുന്നിൽക്കണ്ട് എൻഐഐഎസ്ടി ടീമിനൊപ്പം അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ ഈ അംഗീകാരം പ്രചോദനമാണ്. രാജ്യത്തെ ശാസ്ത്രമേഖലയുടെ വളർച്ചയ്ക്കും സമൂഹത്തിൻറെ നേട്ടത്തിനുമായി എൻഐഐഎസ്ടി യ്ക്ക് കൂടുതൽ സംഭാവനകൾ നൽകാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ ആധുനിക ശാസ്ത്രത്തിന് മഹത്തായ ഒരു പാരമ്പര്യമുണ്ട്. പ്രഗത്ഭരായ മുൻഗാമികളുടെ മികച്ച സംഭാവനകൾ ഈ അവസരത്തിൽ സ്മരിക്കുന്നു. സിഎസ്ഐആർഎൻഐഐഎസ്ടി യിലെ സഹപ്രവർത്തകർ, സിഎസ്ഐആർസിഎഫ്ടിആർഐ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എൻറർപ്രണർഷിപ്പ് ആൻഡ് മാനേജ്മെൻറ് എന്നിവിടങ്ങളിൽ ഒപ്പം പ്രവർത്തിച്ചവർ എന്നിവരോട് കടപ്പെട്ടിരിക്കുന്നെന്നും ഡോ. അനന്തരാമകൃഷ്ണൻ കൂട്ടിച്ചേർത്തു.

പ്രഗല്ഭ ശാസ്ത്രജ്ഞനും അക്കാദമിക് വിദഗ്ധനുമായ ഡോ. അനന്തരാമകൃഷ്ണന് ഭക്ഷ്യകാർഷിക സംസ്കരണ മേഖലകളിൽ വൈദഗ്ധ്യമുണ്ട്. സിഎസ്ഐആർഎൻഐഐഎസ്ടിയുടെ ഡയറക്ടറായി ചുമതലയേൽക്കുന്നതിന് മുമ്പ് തഞ്ചാവൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എൻറർപ്രണർഷിപ്പ് ആൻഡ് മാനേജ്മെൻറ് ഡയറക്ടറായിരുന്നു അദ്ദേഹം.

ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൻറെ കീഴിൽ പ്രധാനമന്ത്രിയുടെ മൈക്രോ ഫുഡ് പ്രോസസിംഗ് എൻറർപ്രൈസസ് സ്കീമിൻറെ കപ്പാസിറ്റി ബിൽഡിംഗ് ആൻഡ് റിസർച്ചിൻറെ ചെയർമാനായും കൺവീനറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യയ്ക്കുള്ള നാസ് (എൻഎഎസ്) പുരസ്കാരം, കൃഷി ശാസ്ത്രത്തിലെ മികച്ച ഗവേഷണത്തിനുള്ള ഐസിഎആർറാഫി അഹമ്മദ് കിദ്വായ് പുരസ്കാരം, വിവിധ ദേശീയ അന്തർദേശീയ ശാസ്ത്ര സൊസൈറ്റികളുടെ ഫെലോഷിപ്പ് തുടങ്ങി നിരവധി ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ചെന്നൈ അണ്ണാ യൂണിവേഴ്സിറ്റിയിലെ എ.സി ടെക്കിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക് നേടിയ ഡോ.അനന്തരാമകൃഷ്ണൻ അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്ന് തന്നെ എം.ടെക്കും കരസ്ഥമാക്കി.

യുകെയിലെ ലോബറോ സർവകലാശാലയിൽ നിന്ന് ഫുഡ് എഞ്ചിനീയറിംഗിൽ സ്പെഷ്യലൈസേഷനോടെ കെമിക്കൽ എഞ്ചിനീയറിംഗിൽ ഡോക്ടറൽ ഗവേഷണവും അദ്ദേഹം പൂർത്തിയാക്കി. യുകെ സർക്കാരിൻറെ അഭിമാനകരമായ കോമൺവെൽത്ത് സ്കോളർഷിപ്പും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

നാനോ, മൈക്രോ സ്കെയിൽ ഡെലിവറി സിസ്റ്റങ്ങളുടെ രൂപകൽപ്പന, ത്രീഡി ഫുഡ് പ്രിൻറിംഗ്, ഹ്യൂമൻ ഡൈനാമിക് ഗ്യാസ്ട്രോ ഇൻറസ്റ്റൈനൽ സിസ്റ്റവുമായി ബന്ധപ്പെട്ട ഗവേഷണവും ഗ്ലൈസെമിക് സൂചിക പഠനവും, ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന ഉത്പന്നങ്ങളും കമ്പ്യൂട്ടേഷണൽ മോഡലിംഗും, സ്പ്രേ ഡ്രൈയിംഗ്, സ്പ്രേ ഫ്രീസ് ഡ്രൈയിംഗ് തുടങ്ങിയവ ഡോ. അനന്തരാമകൃഷ്ണൻറെ ഗവേഷണ മേഖലകളിൽ ഉൾപ്പെടുന്നു.

കർഷകരുടെയും സംരംഭകരുടെയും ഉന്നമനത്തിന് സഹായകമാകുന്നതും വ്യാവസായിക പ്രസക്തിയുള്ളതും സാമൂഹിക നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ളതുമായ ഗവേഷണ പ്രവർത്തനങ്ങളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സിഎസ്ഐആർഎൻഐഐഎസ്ടി വികസിപ്പിച്ച സസ്യാഹാര തുകൽ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യകളിലും അദ്ദേഹത്തിൻറെ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്.

# മലബാർ കാൻസർ സെൻ്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി

*** രാജ്യത്ത് കാർ ടി സെൽ തെറാപ്പി നൽകുന്ന രണ്ടാമത്തെ സ്ഥാപനം**

മലബാർ കാൻസർ സെൻ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻ്റ് റീസർച്ചിൽ കാർ ടി സെൽ തെറാപ്പി (ഇഅഞ ഠ ഇലഹഹ ഠവലൃമു്യ) വിജയകരമായി പൂർത്തീകരിച്ചു. അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ ബാധിച്ച 19 വയസുകാരനാണ് ചികിത്സ നടത്തിയത്. മുംബൈയിലെ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിന് ശേഷം ഈ അതിനൂതന ചികിത്സ സർക്കാർ തലത്തിൽ നടത്തുന്ന രണ്ടാമത്തെ സെൻ്റർ എന്ന അഭിമാനകരമായ നേട്ടമാണ് ഇതുവഴി എംസിസി സ്വന്തമാക്കിയത്. ഡയറക്ടർ ഉൾപ്പെടെയുള്ള എംസിസിയിലെ മുഴുവൻ ടീം അംഗങ്ങളെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദനം അറിയിച്ചു.

ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട ഏക കാർ ടി സെൽ കമ്പനിയായ ഇമ്മ്യൂണോ ആക്ട് വഴിയാണ് കാർ ടി സെൽ ഉത്പാദിപ്പിച്ചെടുത്തത്. സാധാരണ നിലയിൽ 50 ലക്ഷത്തോളം രൂപ വരുന്ന ജനിതക പരിഷ്കരണമാണ് 'പേഷ്യൻ്റ് അസിസ്റ്റൻസ് പ്രോഗ്രം' വഴി 30 ലക്ഷം രൂപക്ക് ലഭ്യമാക്കിയത്. വിവിധ സർക്കാർ പദ്ധതികളുൾപ്പെടെ ചികിത്സയ്ക്ക് സഹായകമായി. സാധാരണക്കാർക്കും ഇത്തരം അത്യാധുനിക ചികിത്സകൾ ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം.

മനുഷ്യ ശരീരത്തിലെ പ്രതിരോധ വ്യവസ്ഥയുടെ സുപ്രധാന ഘടകങ്ങളായ ഒരു തരം വെളുത്ത രക്താണുക്കളാണ് ടി സെല്ലുകൾ. ഇവയുടെ പ്രധാന പ്രവർത്തനം രോഗ പ്രതിരോധമാണ്. കാർ ടി സെൽ ചികിത്സാ രീതിയിൽ ഈ ലിംഫോസൈറ്റുകളെ രോഗിയിൽ നിന്നും ശേഖരിച്ച ശേഷം അവയെ പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറിയിൽ വെച്ച് ജനിതക പരിഷ്കരണം നടത്തുന്നു.

ജനിതകമാറ്റം വരുത്തി അവയെ ട്യൂമർ ആൻ്റിജനുകളെ ലക്ഷ്യം വച്ചുള്ള ആൻ്റിബോഡികൾ ഉപരിതലത്തിൽ പ്രകടിപ്പിക്കുന്ന തരത്തിലുള്ളതാക്കി മാറ്റുന്നു. ഇത്തരത്തിൽ മാറ്റം വരുത്തിയ കോശങ്ങൾ രോഗിയിൽ തിരികെ നൽകുന്നു. ഇത് ട്യൂമർ കോശങ്ങളെ നശിപ്പിക്കുന്നതിലേക്ക് നയിക്കുന്നു. ട്യൂമറിനെതിരായ ഏറ്റവും നിശ്ചിതമായ ടാർഗെറ്റഡ് തെറാപ്പികളിൽ ഒന്നാണിത്.

ഈ അത്യാധുനിക ചികിത്സയ്ക്ക് സവിശേഷതകളേറെയാണ്. ആരോഗ്യമുള്ള കോശങ്ങളെ ബാധിക്കാതെ കാർ ടി സെല്ലുകൾ പ്രത്യേകമായി കാൻസർ കോശങ്ങളെ ലക്ഷ്യമിടുന്നു.

മാറാത്ത രക്താർബുദങ്ങൾക്ക് മികച്ച ചികിത്സ നൽകാനാകും. പരമ്പരാഗത കീമോതെറാപ്പി അല്ലെങ്കിൽ റേഡിയേഷൻ തെറാപ്പി എന്നിവയിൽ നിന്ന് വ്യത്യസ്തമായി കാർ ടി സെൽ തെറാപ്പി സാധാരണയായി ഒറ്റത്തവണ ചികിത്സയാണ്. പരമ്പരാഗത കാൻസർ ചികിത്സകളെ അപേക്ഷിച്ച് കാർ ടി സെൽ തെറാപ്പിക്ക് പാർശ്വഫലങ്ങൾ കുറവായിരിക്കും. രോഗ ലക്ഷണങ്ങൾ കുറയ്ക്കുകയും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കാർ ടി സെൽ തെറാപ്പിക്ക് കഴിയും. കാർ ടി സെൽ തെറാപ്പിയുടെ ആശുപത്രിവാസ സമയം താരതമ്യേന കുറവാണ്. ആശുപത്രി വാസമില്ലാതെയും ഇത് നൽകാൻ സാധിക്കും.

ത്വരിത വേഗത്തിൽ ഗവേഷണങ്ങൾ നടന്നു കൊണ്ടിരിക്കുന്ന മേഖലയാണ് കാർ ടി സെൽ തെറാപ്പി. മലബാർ കാൻസർ സെൻ്ററിനും ഗവേഷണത്തിൽ മികച്ച സംഭാവന നൽകാൻ സാധിക്കും എന്നാണ് പ്രത്യാശിക്കുന്നത്. ഡോ. ചന്ദ്രൻ കെ. നായർ, ഡോ. അഭിലാഷ്, ഡോ. പ്രവീൺ ഷേണായി, ഡോ. ഷോയിബ് നവാസ്, ഡോ. മോഹൻദാസ്, ഡോ. അഞ്ജു കുറുപ്പ്, ഷിബിൻ, സിന്ധു, നഴ്സുമാർ എന്നിവരടങ്ങിയ സംഘമാണ് ഈ പ്രൊസീജ്യർ നടത്തിയത്.

## വയനാട്ടിലേത് ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടു: മുഖ്യമന്ത്രി

തിരുവനന്തപുരം: വയനാട്ടിലെ ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളം പ്രധാനമന്ത്രിക്ക് വിശദമായ കത്ത് നൽകിയെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേന്ദ്രം അനുകൂല നിലപാടെടുക്കുമെന്നാണ് പ്രതീക്ഷ. പ്രധാനമന്ത്രിയുടെ സന്ദർശനവേളയിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നു. സമഗ്ര പുനരധിവാസം വേണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. കാണാതായവർക്കുവേണ്ടിയുള്ള തെരച്ചിൽ തുടരും. വെള്ളിയാഴ്ച ജനകീയ തെരച്ചിൽ നടത്തും. ആരെയെങ്കിലും കണ്ടെത്താനാകുമോ എന്ന കാര്യത്തിൽ അവസാന ശ്രമമാണ്. തെരച്ചിൽ ഇപ്പോൾ അവസാനിപ്പിക്കാനല്ല തീരുമാനമെന്നും ആകാവുന്നത്ര ശ്രമം നടത്തുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

വയനാട്ടിലേക്ക് കൂടുതൽ സാധന സാമഗ്രികൾ ശേഖരിച്ചയക്കേണ്ടതില്ല. കളക്ഷൻ സെൻററിൽ ഏഴ് ടൺ പഴകിയ തുണിയെത്തി. ഇത് സംസ്കരിക്കേണ്ടി വന്നത് ബുദ്ധിമുട്ടുണ്ടാക്കിയെന്നും അദ്ദേഹം പറഞ്ഞു. വയനാട്ടിലെ ദൗത്യത്തിനെത്തിയ സൈന്യത്തെയും മുഖ്യമന്ത്രി അഭിനന്ദിച്ചു. സേനയുടെ ഒരു വിഭാഗം ഇന്ന് മടങ്ങി. കാര്യക്ഷമമായ തെരച്ചിലിനുശേഷമാണ് സൈന്യത്തിന്റെ മടക്കം. ബെയ്‌ലി പാലം അടക്കം സൈന്യം നിർണായക ഇടപെടൽ നടത്തിയെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## ദുരിതബാധിതർക്ക് ജില്ലയ്ക്ക് പുറത്തും മാനസികാരോഗ്യ സേവനം

*** ദുരിതബാധിതരിൽ കണ്ണടകൾ നഷ്ടപ്പെട്ട എല്ലാവർക്കും കണ്ണടകൾ ഉറപ്പാക്കി**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സാഹചര്യത്തിൽ ദുരിതബാധിതർക്ക് ജില്ലയ്ക്ക് പുറത്തും മാനസികാരോഗ്യ സേവനം ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ വയനാട്ടിലെത്തി മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ക്യാമ്പുകളിലും വീടുകളിലും കഴിയുന്നവരിൽ ആവശ്യമായവർക്ക് സൈക്യാട്രിസ്റ്റിന്റെ സേവനം കൂടി ഉറപ്പാക്കുന്നതിനുള്ള ക്രമീകരണമൊരുക്കി. ദീർഘകാല മാനസികാരോഗ്യ സേവനം ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി പറഞ്ഞു. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരയായവരിൽ കണ്ണടകൾ നഷ്ടപ്പെട്ട എല്ലാവർക്കും കണ്ണടകൾ ഉറപ്പാക്കി. ആരോഗ്യവകുപ്പ് നേത്ര പരിശോധന നടത്തിയാണ് കണ്ണടകൾ വിതരണം ചെയ്യുന്നത്. ഇതുവരെ 422 പേരെ പരിശോധിച്ചതിൽ 199 പേർക്ക് കണ്ണട ആവശ്യമുള്ളതായി കണ്ടെത്തി. അതിൽ എല്ലാവർക്കും കണ്ണട നൽകാനുള്ള നടപടി സ്വീകരിച്ചു.മാനസികാരോഗ്യം ഉറപ്പാക്കാനായി വ്യക്തിഗത കൗൺസലിംഗും ഗ്രൂപ്പ് കൗൺസലിംഗും നൽകുന്നു. 132 അംഗ മാനസികാരോഗ്യ ടീം 13 ക്യാമ്പുകളും വീടുകളും സന്ദർശിച്ചു. 261 പേർക്ക് ഗ്രൂപ്പ് കൗൺസിലിംഗും 368 പേർക്ക് സൈക്കോസോഷ്യൽ ഇന്റർവെൻഷനും 26 പേർക്ക് ഫാർമാക്കോ തെറാപ്പിയും നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

### ദുരിതാശ്വാസ നിധിയിലേക്ക് സഹായം

മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ കെ ആൻറണി 50,000 രൂപ നൽകിയിട്ടുണ്ട്. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഞ്ച് ലക്ഷം രൂപയും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഒരു ലക്ഷം രൂപയും കഴിഞ്ഞ ദിവസം നൽകിയിരുന്നു.

## ചമയങ്ങൾക്കപ്പുറം
### സുനിത ഒലീവിയ



# ' വിജയത്തിന്റെ കാതൽ'

സാഹചര്യത്തിന് അടിമയാകാതെ അതിനെ നേരിടാനും, രൂപാന്തരപ്പെടുത്താനും ശ്രമിക്കുന്നവരാണ് വിജയയികളായി തീരുന്നത് .അത് പുരുഷൻ ആയാലും സ്ത്രീയായാലും.....

സ്ത്രീയുടെ വിജയത്തിൻറെ പിന്നിൽ എപ്പോഴും ഒരു പുരുഷന്റെ സാന്നിധ്യം കാണും. വ്യത്യസ്തരായ മൂന്ന് വ്യക്തിത്വങ്ങൾ .....അതുപോലെതന്നെ പുരുഷൻറെ വിജയത്തിൻറെ പിന്നിൽ ഒരു സ്ത്രീയുടെ പിന്തുണ അത് ഭാര്യ,,കാമുകി , അമ്മ....ഇവരിൽ മൂന്നുപേരിൽ ആരെങ്കിലും ഒരാൾ ....കുടുംബ ജീവിതത്തിന്റെ പൂർത്തീകരണം പോലെയാണ് വരുമാന മാർഗ്ഗ ത്തിന്റെ കാര്യത്തിലുള്ള സഹായസഹകരണങ്ങൾ

നാം ചിലരെപ്പറ്റി ''സെൽഫ് മെയ്ഡൻ മാൻ '' എന്നു പറയാനുണ്ട്. സ്വപരിശ്രമം കൊണ്ടു വിപരീത സാഹചര്യങ്ങളെയും അനുഭവങ്ങളെയും അതിശയകരമാം വണ്ണം രൂപാന്തരപ്പെടുത്തിയ ജീവിതവിജയികളാണവർ. അവിടെയാണ് ഒരു സ്ത്രീയുടെ സ്നേഹം, പരിചരണം, കഴിവ് ,ഉത്തരവാദിത്വം ,പ്രാർത്ഥന ഇത് അഞ്ചും ക്കുടി ചേരുമ്പോൾ അവരുടെ ഇച്ഛാശക്തിയും മാനസിക കഴിവുകളും ആർക്കും ഒന്നിനും അടിയറവയ്ക്കാതെ ക്രിയാത്മകമായി വിനിയോഗിക്കാൻ സാധിക്കുന്നത്.

നമ്മുടെ സാഹചര്യങ്ങൾ പലപ്പോഴും നമുക്കു തിരഞ്ഞെടുക്കാൻ കഴിയാത്ത അവസ്ഥയിലായിരിക്കും. അവ നമ്മുടെ മേൽ വന്നു ചേരുകയയോ അടിച്ചേൽപ്പിക്കപ്പെടുകയോ ചെയാം..... ഒഴിഞ്ഞുമാറാനാവാത്ത വിധം നാം അവയിലകപ്പെട്ടു പോകുന്നു. അവ ചിലപ്പോൾ പ്രതികൂലങ്ങളും വിഷമതരങ്ങളായി അനുഭവപ്പെടാം .അവിടെയാണ് ഒരു പുരുഷനോടൊപ്പം സ്ത്രീയുടെ മനസ്സ് സ്വച്ഛന്ദമായി പ്രവർത്തിക്കുന്നത് .എന്നാൽ, നാം അവയോട് എങ്ങനെ പ്രതികരിക്കണമെന്നള്ളതു നമ്മുടെ സ്വാതന്ത്ര്യത്തിൽപ്പെടുന്ന കാര്യമാണ്.ഈ പ്രതികരണമാണ് നമ്മുടെ ജീവിതമെന്തെന്നും എങ്ങനെയെന്നും തീരുമാനിച്ചുറച്ചു കൊണ്ട് മുന്നോട്ടുള്ള നമ്മുടെ ഓരോ യാത്രയിലും ....വിജയം സുനിശ്ചിതം .

നിങ്ങളുടെ സ്വന്തം
സുനിതാ ഒലീവിയ.

# മാലിന്യ സംസ്കരണം മികച്ച രീതിയിൽ പുരോഗമിക്കുന്നു: മുഖ്യമന്ത്രി

വയനാട് ദുരന്തമേഖലയിൽ മികച്ച രീതിയിൽ മാലിന്യ സംസ്കരണം പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് 110 ഓളം ഹരിത കർമ്മ സേനാംഗങ്ങൾ സേവനം നൽകുന്നു. ക്യാമ്പുകളിലും വിവിധ മേഖലകളിലുമായി 112 മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുകയും ദുരന്ത മേഖലയിലും ക്യാമ്പുകളിലുമായി 46 ബയോ ടോയ്ലെറ്റുകൾ സ്ഥാപിച്ചു. കല്പറ്റ നഗരസഭയിലെ 10 കെ.എൽ.ഡി കപ്പാസിറ്റിയുള്ള കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗിക്കപ്പെടുന്നു. അജൈവ മാലിന്യം ശേഖരിക്കുന്നതിനായി 4 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിനായി കല്പറ്റ നഗരസഭയുടെ വിൻഡ്രോ കമ്പോസ്റ്റ് സംവിധാനവും അജൈവ മാലിന്യ പരിപാലനത്തിനായി എം.സി.എഫ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു. ക്യാമ്പുകളിലെ ഖരദ്രവ മാലിന്യ സംസ്കരണത്തിനായി പുതിയ കമ്പോസ്റ്റ് പിറ്റുകളും സോക്ക് പിറ്റുകളും നിർമ്മിച്ചിട്ടുണ്ട്.

44.02 ടൺ അജൈവ മാലിന്യവും, 9.9 ടൺ ജൈവ മാലിന്യവും, 0.28 ടൺ സാനിറ്ററി മാലിന്യവും, 2.6 ടൺ ബയോ മെഡിക്കൽ മാലിന്യവും, 101.3 കിലോലിറ്റർ ശൗചാലയ മാലിന്യവും 11.19 ടൺ തുണിമാലിന്യവും ഇതിനോടകം ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്.നിലവിൽ വയനാട് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനായി സാധനങ്ങൾ ശേഖരിച്ച് അയക്കേണ്ടതില്ല. ആവശ്യത്തിൽ കൂടുതലാണ് ഇതിനകം ലഭിച്ചിട്ടുള്ളത്.

പച്ചക്കറി, ബേക്കറി, മറ്റ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവ പെട്ടെന്ന് നശിച്ചു പോകുന്നതുകൊണ്ട് ഇവയുടെ സൂക്ഷിപ്പും വിതരണവും പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ദുരിതാശ്വാസത്തിന്റെ ഭാഗമായി വയനാട്ടിലെ കളക്ഷൻ സെൻററിൽ എത്തിയ ഏഴു ടൺ തുണി ഉപയോഗിച്ചു പഴകിയതായിരുന്നു. അതു മുഴുവനും സംസ്കരിക്കാനായി അയക്കേണ്ടി വന്നത് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിച്ചു.

നിലവിൽ ദുരന്തത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങളാണ് ഇനി വേണ്ടത്.

അത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകുകയോ കളക്ടറേറ്റുകളിൽ ചെക്ക് / ഡ്രാഫ്റ്റ് മുഖേനയോ നൽകാൻ കൂടുതൽ ആളുകൾ സന്നദ്ധരാകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.